ചെറുകഥ

# കുട്ടിയും റാന്തൽവിളക്കും

## സാംജീവ്

കുട്ടിക്ക് പത്തു വയസ്സ്. അന്ന് കുട്ടിയുടെ ഗ്രാമത്തിൽ കറൻട് എത്തിയിട്ടില്ല. കേരളനാട്ടിലെ ഒരു പഴയ നാട്ടിൻപുറമായിരുന്നു കുട്ടിയുടെ ദേശം.

അച്ഛനും അമ്മയ്ക്കും ചെല്ലക്കുട്ടനാണ് കുട്ടി.

പക്ഷേ, കുട്ടി ജോലി ചെയ്ത് പഠിക്കണം.

കുട്ടിക്ക് ചില ജോലികളുണ്ട്.

വളപ്പിലുള്ള തെങ്ങിൻതൈകൾക്ക് വെള്ളം കോരണം.

തൊടിയിലുള്ള കുളത്തിൽനിന്നാണ് മൊന്തയിൽ വെള്ളം മുക്കിക്കൊണ്ട് വരേണ്ടത്.

എന്നും അഞ്ചുമണിമുതൽ ആറുമണിവരെയാണ് ആ ജോലി. അച്ഛനും അമ്മയും നിജപ്പെടുത്തിയിട്ടുള്ള ജോലിയാണത്.

ചിമ്മിനിവിളക്ക് തുടച്ചു വൃത്തിയാക്കണം. എല്ലാ വീടുകളിലും ചിമ്മിനിവിളക്കില്ല. അല്പം പരിഷ്ക്കാരം കൂടിയ വീടുകളിൽ മാത്രമേ ചിമ്മിനിവിളക്കുള്ളു.

കോരുതുവിള കടയിൽനിന്ന് ചില്ലറ സാധനങ്ങൾ വാങ്ങണം. അതും കുട്ടിയുടെ ജോലിയാണ്.

ചില്ലറ സാധനങ്ങൾ.

ഒരണയ്ക്ക് പാളയൻകോടൻ പഴം. അത് കുട്ടിക്കാണ്. പന്ത്രണ്ട് എണ്ണം കാണും.

കാതിൽ കടുക്കനിട്ട ശേഖരപിള്ളയാണ് കടക്കാരൻ. അയാൾക്ക് അല്പം കേൾവിക്കുറവുണ്ട്.

പിന്നെ, പുകയിലയും വാങ്ങണം. നീളൻ പുകയില കടക്കാരൻ നാലായി മടക്കി ഒരു പത്രക്കടലാസിൽ പൊതിഞ്ഞാണ് കൊടുക്കുന്നത്.

കുട്ടിയുടെ അച്ഛൻ അദ്ധ്യാപകനാണ്. അദ്ദേഹത്തിന് വേണ്ടിയാണ് പുകയില. അച്ഛൻ ഒരിഞ്ച് നീളത്തിൽ പുകയില മുറിച്ചെടുക്കും, വായ്ക്കകത്ത് കവിളിൽ തിരുകും. അരമണിക്കൂർ കഴിഞ്ഞ് തുപ്പിക്കളയും. ചിലപ്പോൾ 'നാലുംകൂട്ടി' മുറുക്കുകയും ചെയ്യും. കുട്ടിയുടെ അച്ഛനെ ആദർശമത്തായി എന്നാണ് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ വിളിക്കുന്നത്. പലപ്പോഴും അദ്ദേഹം വേദാന്തവും മഹാന്മാരുടെ ജീവിതകഥകളും ഉരുവിടും. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിന് അതൊക്കെ നല്ലതാണുപോലും.

പുകയിലയ്ക്ക് രൂക്ഷഗന്ധമുണ്ട്. വീട്ടിലെത്തുന്നതിനുമുമ്പ് പത്തു തവണയെങ്കിലും കുട്ടി പുകയില മണപ്പിക്കും.

"ഇതിന്റെ രുചി എന്താണ്? ഇതൊന്നു നക്കി നോക്കിയാലോ?"

കുട്ടി ചിന്തിച്ചു.

"വേണ്ട."

മനസ്സ് വിലക്കി. അത് നല്ല കുട്ടികൾക്ക് ചേർന്നതല്ല. കുട്ടി നല്ല കുട്ടിയാണെന്നാണ് നാട്ടുകാരും വീട്ടുകാരും പറയുന്നത്.

"ഒന്നു നക്കി നോക്കൂ. അതുകൊണ്ട് കുഴപ്പമൊന്നും വരാനില്ല."

ആരോ പറയുന്നതുപോലെ കുട്ടിക്ക് തോന്നി. ഇല്ലിത്തോടിന്റെ കരയിൽ എത്തിയപ്പോൾ കുട്ടി ചുറ്റും കണ്ണോടിച്ചു.

"ഇല്ല, ആരും കാണുകയില്ല."

വല്ലാത്ത കയ്പുള്ള രുചി.

"എന്തിനാണ് അച്ഛൻ ഇത് വായിൽ തിരുകുന്നത്?"

കുട്ടി എത്ര ആലോചിച്ചിട്ടും അതിനുള്ള ഉത്തരം കിട്ടിയില്ല.

"പുകയില എന്റെ ദൌർബല്യമാണ്."

ഒരിക്കൽ അച്ഛൻ നാണുക്കുട്ടൻ സാറിനോട് പറയുന്നത് കേട്ടു.

കുട്ടിയുടെ വീട്ടിൽ കറൻടില്ല. ഒരു മൈൽ ദൂരം വരെ കറൻട് വന്നിട്ടുണ്ട്. ഇലക്ട്രിക്ക് വിളക്കുണ്ടെങ്കിൽ പഠിക്കാൻ എത്ര നല്ലതാണ്! കുട്ടി പഠിക്കാൻ മിടുക്കനാണ്.

മണ്ണെണ്ണവിളക്കിന്റെ മുമ്പിലിരുന്നാണ് കുട്ടിയുടെ പഠിത്തം.

ചിലപ്പോൾ ഉറക്കം വരും.

മണ്ണെണ്ണപ്പുക ശ്വസിച്ചാൽ രോഗമുണ്ടാകും.

പക്ഷേ പഠിക്കണ്ടേ?

വായിൽ മണ്ണെണ്ണയുടെ ചുവയുണ്ടാകും. കാർക്കിച്ചു തുപ്പുമ്പോൾ മണ്ണെണ്ണക്കരി തുപ്പലിൽ കാണാം.

രാമനും ചന്ദ്രനും ഭാഗ്യവാന്മാരാണ്. അവരുടെ വീട്ടിൽ കറന്റുണ്ട്. അവർക്ക് മണ്ണെണ്ണപ്പുക ശ്വസിക്കേണ്ട.

റാന്തൽവിളക്കിന് പുകയില്ല. റാന്തൽവിളക്കിന്റെ ചിമ്മിനി കരിപിടിക്കും. അത് ദിവസവും തുടച്ച് വൃത്തിയാക്കണം. മണ്ണെണ്ണ റാന്തൽവിളക്കിന്റെ ടാങ്കിൽ നിറച്ചൊഴിക്കണം. മണ്ണെണ്ണ ഒഴിക്കുമ്പോൾ വളരെ സൂക്ഷിക്കണം. മണ്ണെണ്ണ അല്പംപോലും തൂകിപ്പോകാൻ പാടില്ല. മണ്ണെണ്ണ വളരെ വിലപിടിപ്പുള്ളതാണ്.

റേഷൻകടയിൽ നിന്നാണ് മണ്ണെണ്ണ വാങ്ങുന്നത്. രണ്ടാഴ്ചയിൽ ഒരു കുപ്പി മണ്ണെണ്ണ ലഭിക്കും.

റാന്തൽവിളക്ക് കാറ്റത്ത് അണയുകയില്ല. അതിന് തൂക്കിപ്പിടിക്കാൻ ഒരു പിടിയുണ്ട്.

കമ്പി കൊണ്ടുണ്ടാക്കിയ പിടി. ആ പിടി മടക്കിവയ്ക്കാം.

ആരാണ് റാന്തൽവിളക്ക് കണ്ടുപിടിച്ചത്? റാന്തൽവിളക്ക് മഹാത്ഭുതമാണ്.

തൃക്കണ്ണമങ്കൽ ഇടവകയിൽ ബൈബിൾക്ലാസ്സ് നടക്കുകയാണ്. വളരെ ആൾക്കൂട്ടം സംബന്ധിക്കുന്നുണ്ടുപോലും.

കുട്ടിയുടെ വീട്ടിൽനിന്നും രണ്ടുമൈൽ ദൂരത്താണ് തൃക്കണ്ണമങ്കൽ ഇടവകപ്പള്ളി.

അമ്മ പറഞ്ഞു.

“നമുക്കും ബൈബിൾക്ലാസ്സിന് പോകണം.”

അച്ഛൻ സമ്മതം മൂളി.

അമ്മ പറഞ്ഞാൽ അച്ഛൻ എതിർക്കാറില്ല.

അച്ഛനും അമ്മയും കുട്ടിക്ക് ചില ജോലികൾ നല്കി.

“ഗൃഹപാഠമെല്ലാം നേരത്തേ ചെയ്യണം. റാന്തൽവിളക്ക് തുടച്ചു വൃത്തിയാക്കണം. അതിൽ മണ്ണെണ്ണ നിറച്ചൊഴിക്കണം. വഴിയിൽ വച്ച് മണ്ണെണ്ണ തീർന്നുപോകരുത്.”

ബൈബിൾ ക്ലാസ്സിന് പോകാൻ കുട്ടിക്കും ഉത്സാഹമാണ്. തൃക്കണ്ണമങ്കൽ ദേശത്തും കുട്ടിക്ക് ചില കൂട്ടുകാരൊക്കയുണ്ട്.

ജോണും മത്തായിയും. പിന്നെ ജോണിന്റെ സഹോദരിമാരായ മാഗിയും ആബിയും. ഇവരെയൊക്കെ കഴിഞ്ഞവർഷം സണ്ടേസ്ക്കൂൾ വാർഷികത്തിന് പരിചയപ്പെട്ടതാണ്. കുട്ടിയാണ് മാഗിയെ വാക്യമത്സരത്തിന് തോല്പിച്ചത്. പക്ഷേ അവസാന മത്സരത്തിൽ ആബി കുട്ടിയെ തോല്പിച്ചുകളഞ്ഞു.

“ങാ, ഒരു കിനാവ് കണ്ടതുകൊണ്ട് നേരം വെളുക്കത്തില്ലല്ലോ. ഈ വർഷം കാണിച്ചുതരാം.”

കുട്ടി മനസ്സിൽ പറഞ്ഞു. അവരും ബൈബിൾക്ലാസ്സിന് വന്നുകൂടെന്നില്ല. ആബിയും മാഗിയും സുന്ദരിമാരാണ്. അത്രയും സൌന്ദര്യമുള്ള പെൺകുട്ടികൾ വിലങ്ങറ ഇടവകയിലില്ല.

കത്തിച്ച റാന്തൽവിളക്ക് തൂക്കിപ്പിടിച്ച് കുട്ടി മുന്നിൽ നടക്കും.

അതൊരു ഗമയാണേ.

ദാനിയേൽ ഉപദേശിയുടെ ബൈബിൾ ക്ലാസ്സ് വിഖ്യാതമാണ്. ബൈബിളിലെ ദാനിയൽ പ്രവചനമാണ് പഠനവിഷയം. ചാർട്ടുകളും പടങ്ങളുമൊക്കെ കാണിച്ചാണ് ദാനിയേൽ ഉപദേശി ക്ലാസ്സെടുക്കുന്നത്.

നെബുക്കദനേസർ രാജാവ് കണ്ട സ്വപ്നം ദാനിയേൽ ഉപദേശി വിവരിച്ചു. ലോകസാമ്രാജ്യങ്ങളുടെ ഉദയാസ്തമനങ്ങൾ പ്രതീകാത്മകമായി ചിത്രീകരിക്കുന്നതായിരുന്നു ആ സ്വപ്നം. കുട്ടി വായും പിളർന്നിരുന്നുപോയി.

ആകാശം മുട്ടിനില്ക്കുന്ന ഒരു ബിംബം.

അതിന്റെ സ്വർണ്ണംകൊണ്ടുള്ള തല.

വെള്ളി കൊണ്ടുണ്ടാക്കിയ മാറിടം.

ഓട് കൊണ്ടുണ്ടാക്കിയ ഉദരം.

ഇരുമ്പു കൊണ്ട് നിർമ്മിച്ച തുടഭാഗം.

കളിമണ്ണും ഇരിമ്പും ചേർന്ന കാലുകൾ.

വിചിത്രമായ ഒരു സ്വപ്നമായിരുന്നത്. സ്വപ്നവ്യാഖ്യാനവും ബൈബിളിൽ തന്നെ കൊടുത്തിട്ടുണ്ട്.

സ്വർണ്ണം കൊണ്ടുള്ള തല നെബുക്കദനേസ്സർ രാജാവ്.

ആരാണ് നെബുക്കദനേസ്സർ രാജാവ്?

ക്രിസ്തുവിന് ആറ് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന പേർഷ്യൻ ചക്രവർത്തി.

താമ്രം കൊണ്ട് നിർമ്മിച്ച ഉദരം ഭാവിയിൽ സ്ഥാപിക്കപ്പെടുന്ന യവനസാമ്രാജ്യം.

ഇരുമ്പ് കൊണ്ടുണ്ടാക്കിയ തുടകൾ റോമൻ സാമ്രാജ്യം.

കാലുകൾ കളിമണ്ണും ഇരുമ്പും. ജനാധിപത്യവും ഏകാധിപത്യവും ഒരുമിച്ചുപോകുന്ന ആധുനിക ലോകം.

നെബുക്കദനേസ്സറിന്റെ സ്വപ്നം തീർന്നില്ല.

കൈതൊടാതെ ഒരു കല്ല് പാഞ്ഞുവരുന്നു.

അത് ബിംബത്തിന്മേൽ അടിക്കുന്നു. ബിംബം തകരുന്നു.

കല്ല് വലുതാകുന്നു. അത് വളരുന്നു, ലോകം മുഴുവൻ നിറയുന്നു.

“ലോകസാമ്രാജ്യങ്ങൾ തകരുമ്പോൾ ക്രിസ്തുവിന്റെ സാമ്രാജ്യം സ്ഥാപിക്കപ്പെടും. കല്ല് അതിന്റെ പ്രതിബിംബമാണ്. അത് സുസ്ഥിരമായ സാമ്രാജ്യം ആയിരിക്കും.”

ദാനിയേൽ ഉപദേശി വിശദീകരിച്ചു. കുട്ടി വാപൊളിച്ചിരുന്നു.

രാത്രി ഒൻപതുമണി കഴിഞ്ഞു, ബൈബിൾക്ലാസ്സ് തീർന്നപ്പോൾ.

ഇനി തിരിച്ചുനടക്കണം രണ്ട് മൈൽ. കൂട്ടിന് കടുവാപ്പാറവീട്ടിലെ തൊമ്മിച്ചായനും കൂടി.

റാന്തൽവിളക്ക് തൂക്കിക്കൊണ്ട് നടക്കേണ്ടുന്ന ജോലി കുട്ടിക്ക് തന്നെ.

അങ്ങോട്ട് പോയപ്പോൾ ഉണ്ടായിരുന്ന ഉത്സാഹം കുട്ടിക്കില്ല.

കടലാവിള ജംഗ്ഷനിലെത്തിയപ്പോൾ വിളക്ക് മത്സരിച്ചു. അത് കത്തുന്നില്ല.

അച്ഛൻ റാന്തൽവിളക്ക് വാങ്ങി കുലുക്കിനോക്കി.

മണ്ണെണ്ണ തീർന്നിരിക്കുന്നു!

“നീ മണ്ണെണ്ണ നിറച്ചൊഴിച്ചില്ലേ?”

ചോദ്യം കുട്ടിയോടാണ്.

“ഒഴിച്ചു.”

കുട്ടി പറഞ്ഞു.

“ഇല്ല, നിറച്ച് മണ്ണെണ്ണ ഒഴിച്ചിരുന്നുവെങ്കിൽ.....”

അച്ഛൻ വാചകം പൂർത്തിയാക്കിയില്ല.

“നീ അലസനാണ്. എനിക്ക് നിന്നെ ശരിക്കറിയാം.”

അമ്മ ഇടയ്ക്കു കയറി പറഞ്ഞു.

“നീ കള്ളം പറയുകയാണ്.”

കുട്ടിയുടെ മേൽ രണ്ട് കുറ്റങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഒന്ന്, കുട്ടി അനുസരണക്കേട് കാണിച്ചു.

എന്നിട്ടിപ്പോൾ കളവ് പറയുന്നു.

അച്ഛനും അമ്മയും ഒന്നായി.

കുട്ടിക്ക് സങ്കടം വന്നു. കുട്ടി കരഞ്ഞു. കുട്ടി കട്ടായം പറഞ്ഞു.

“ഞാൻ മണ്ണെണ്ണ നിറച്ചൊഴിച്ചതാണ്.”

“നീ കള്ളം പറയുന്നോ, അസത്ത്?”

അമ്മയുടെ കോപം തീർന്നില്ല.

കടുവാപ്പാറവീട്ടിലെ തൊമ്മിച്ചായൻ കുട്ടിയോട് അല്പം അനുകമ്പ കാണിച്ചു. അദ്ദേഹം പറഞ്ഞു.

“മണ്ണെണ്ണ ഒഴിക്കുമ്പോൾ കുമിള വരും. കുമിള വന്നപ്പോൾ കുട്ടി വിചാരിച്ചുകാണും ടാങ്ക് നിറഞ്ഞെന്ന്.”

“അല്ല, ഞാൻ നിറച്ചൊഴിച്ചതാണ്.”

കുട്ടിയുടെ പിടിവാശി നോക്കണേ.

“എന്നാൽ പിന്നെ ഇപ്പോൾ തീർന്നതെന്ത്? നിറച്ചൊഴിച്ചാൽ ഏഴെട്ട് മണിക്കൂർ കത്തേണ്ടതാണ്.”

അച്ഛനും അരിശം വന്നു.

ഇനി എന്താണ് മാർഗ്ഗം? മണ്ണെണ്ണക്കടകളെല്ലാം അടച്ചുകഴിഞ്ഞു.

കടുവാപ്പാറവീട്ടിലെ തൊമ്മിച്ചായൻ പറഞ്ഞു.

“കടലാവിള ശമുവേലച്ചായന്റെ വീട് ഇവിടെ അടുത്താണ്. അവിടെ കയറി അല്പം മണ്ണെണ്ണ വാങ്ങാം.”

ശമുവേലച്ചായൻ സഹോദരനാണ്, ആത്മീയ സഹോദരൻ. തൃക്കണ്ണമങ്കൽ ഇടവകക്കാരനാണ്. ശമുവേലച്ചായനും ഭാര്യയും ബൈബിൾക്ലാസ്സിൽ സംബന്ധിച്ചിരുന്നു. ശമുവേലച്ചായന്റെ വീട്ടിൽ വിളക്ക് കത്തുന്നുണ്ട്. അവർ ഉറങ്ങിയിട്ടില്ല.

കുട്ടിയും പരിവാരങ്ങളും കടലാവിള ശമുവേലച്ചായന്റെ വീട്ടിലേയ്ക്കു ചെന്നു.

“എന്താ എല്ലാവരുംകൂടി രാത്രിയിൽ?”

ശമുവേലച്ചായൻ ചോദിച്ചു.

“അല്പം മണ്ണെണ്ണ വേണം. വിലങ്ങറവരെ ചെല്ലാൻ മാത്രം.”

കടുവാപ്പാറവീട്ടിലെ തൊമ്മിച്ചായൻ വിഷയം അവതരിപ്പിച്ചു. കുട്ടിയുടെ മാതാപിതാക്കൾ നാവടക്കിയില്ല.

“ഈ നിഷേധിയോട് ഞാൻ പറഞ്ഞതാണ് മണ്ണെണ്ണ റാന്തലിൽ നിറച്ചൊഴിക്കണമെന്ന്.”

“കേട്ടില്ല. ഇപ്പോൾ അനുഭവിക്കുന്നത് കണ്ടില്ലേ?”

“ബുദ്ധിമുട്ട് ഇപ്പോൾ നിഷേധിക്ക് മാത്രമാണോ? എല്ലാവർക്കുമായില്ലേ?”

ശമുവേലച്ചായൻ മറ്റൊരു റാന്തൽവിളക്ക് ഉയർത്തി കുട്ടിയുടെ മുഖത്തേയ്ക്ക് നോക്കി.

“ഇവനാണോ മണ്ണെണ്ണ ഒഴിച്ചത്? ഈ കുഞ്ഞ് അനുസരണയുള്ള കുഞ്ഞാണ് എന്നാണല്ലോ ഞങ്ങളെല്ലാം കരുതിയിരുന്നത്.”

“ഞാൻ നിറച്ചൊഴിച്ചതാണ്.”

“നീ വീണ്ടും കള്ളം പറയുന്നോ? നിഷേധി.”

“സാറേ, ഇപ്പോഴത്തെ പിള്ളാരെല്ലാം അങ്ങനെയാ. നിഷേധികളാണ്. ഒന്നു പറഞ്ഞാൽ വേറൊന്നേ ചെയ്യൂ. പിന്നെ അവര് പറഞ്ഞത് സ്ഥാപിക്കാൻ കള്ളം പറയുന്നതിന് ഒരു സങ്കോചവുമില്ല.”

ജോർജുകുട്ടിസാറാണ് അത് പറഞ്ഞത്. അദ്ദേഹം ശമുവേലച്ചായന്റെ മരുമകനാണ്, ഹൈസ്ക്കൂൾ അദ്ധ്യാപകനാണ്, തേവലക്കര എന്ന ദേശത്ത്. ചോറ് വെട്ടിവിഴുങ്ങുകയാണ് ജോർജുകുട്ടിസാർ.

അത്താഴമുണ്ണുന്നതിനിടയിലാണ് ജോർജുകുട്ടിസാറിന്റെ കമന്റ്.

അമ്മാവിയമ്മച്ചോർ.

അതിന്റെ രുചി വേറെയാണ്.

കാച്ചിയമോരിൽ വലിയ ഉരുളകൾ ഉരുട്ടി വായിലാക്കുകയാണ് ജോർജുകുട്ടിസാർ.

പരവാമീൻകറിയുണ്ട്, അച്ചിങ്ങാപ്പയർ കൊണ്ടുണ്ടാക്കിയ തോരനുണ്ട്; പിന്നെ സാമ്പാറും മെഴുക്കുപുരട്ടിയും കാളനും. ഊണ് കുശാൽ.

കുട്ടിക്ക് വിശക്കുന്നു.

കുട്ടിയുടെ വായിൽ വെള്ളമൂറുന്നു.

കുട്ടിയുടെ വായിൽ കപ്പലോടിക്കാം.

സാമ്പാറിന്റെ മണം.

വൈകിട്ട് ആറ് മണിക്ക് കുട്ടി അത്താഴമുണ്ടതാണ്. നാല് മണിക്കൂർ കഴിഞ്ഞു.

കുട്ടിക്ക് വല്ലാതെ വിശക്കുന്നു.

കുട്ടിയുടെ നോട്ടം ജോർജുകുട്ടിസാറിന്റെ പിഞ്ഞാണത്തിലേയ്ക്ക് പോയി.

ശമുവേലച്ചായന്റെ ഭാര്യ അത് കണ്ടു.

"മോന് ചോറ് വേണോ?"

"വേണ്ട, വേണ്ടാ. അവൻ മൂക്കുമുട്ടെ അടിച്ചിട്ടാണ് വന്നത്."

കുട്ടിക്ക് കണ്ണുകൾ നിയന്ത്രിക്കുവാൻ കഴിയുന്നില്ല. എന്നാൽ അഭിമാനമാണ് വലുത്.

ശമുവേലച്ചായൻ മണ്ണെണ്ണക്കുപ്പി എടുത്തുകൊണ്ടു വന്നു.

"ആവശ്യത്തിനൊഴിക്കൂ."

റാന്തൽവിളക്കിൽ മണ്ണെണ്ണ ഒഴിക്കേണ്ട ജോലിയും കുട്ടിക്ക് തന്നെ.

പളിശ്ശേരിയുടെ മണം.

പുളിശ്ശേരിയിൽ കുതിർന്ന ചോറുണ്ടകളുടെ മണം.

ജോർജുകുട്ടിസാറിന്റെ കൈയിൽനിന്നും ചോറിന്റെ ഉരുളകൾ വായിലേക്ക് തെറിക്കുകയാണ്.

കുട്ടി മണ്ണെണ്ണ ഒഴിച്ചു.

കുട്ടിയുടെ കണ്ണ് ഒരുനിമിഷം ഉരുളകളിലേക്ക് ചെന്നു.

മണ്ണെണ്ണ തൂകിപ്പോയി. രണ്ടുതുള്ളികൾ തറയിൽ വീണു.

കുട്ടിയുടെ അശ്രദ്ധ.

കുട്ടിയുടെമേൽ മറ്റൊരു കുറ്റം.

“മണ്ണെണ്ണയ്ക്ക് വലിയ വിലയുള്ള കാലമാ.”

കടലാവിളയിൽ ശമുവേലച്ചായനും മണ്ണെണ്ണ തൂകിക്കളഞ്ഞത് ഇഷ്ടപ്പെട്ടില്ല.

ജോർജുകട്ടിസാർ ഊണ് കഴിഞ്ഞ് കോലായിൽ വന്നിരുന്നപ്പോൾ മേരിക്കുട്ടിയോട് ചോദിച്ചു. മേരിക്കുട്ടി അദ്ദേഹത്തിന്റെ ഭാര്യയാണ്.

“എനിക്ക് സംഭവത്തിന്റെ വാലും തലയും പിടികിട്ടിയില്ല. ആരോ കുറേപ്പേർ വന്ന് മണ്ണെണ്ണ ചോദിക്കുന്നതും പിന്നെ ഒരു അനുസരണയില്ലാത്ത ചെറുക്കന്റെ കാര്യം പറയുന്നതും കേട്ടു. എന്താ സംഭവിച്ചത്?”

“അത് വിലങ്ങറെയുള്ള ഒരു കുടുംബമാ. ആദർശമത്തായിസാറെന്നാ ഞങ്ങളും നാട്ടുകാരും വിളിക്കുന്നത്. അവരും ബൈബിൾക്ലാസ്സിന് പോയിട്ട് വരികയാണ്.”

“നിഷേധിയായ ഒരു പയ്യന്റെ കാര്യം പറയുന്നത് കേട്ടല്ലോ. അതെന്താണ്?”

മേരിക്കുട്ടി നിഷേധിയായ കുട്ടിയുടെ കഥ പൊടിപ്പും തൊങ്ങലും വച്ച് പ്രിയതമനെ പറഞ്ഞുകേൾപ്പിച്ചു.

റാന്തൽവിളക്കിൽ മണ്ണെണ്ണ ഒഴിക്കാത്ത കുട്ടിയുടെ കഥ.

കള്ളം പറയുന്ന കുട്ടിയുടെ കഥ.

മണ്ണെണ്ണ തൂകിക്കളയുന്ന കുട്ടിയുടെ കഥ.

കൊതിയനായ കുട്ടിയുടെ കഥ.

"പിന്നെ, ആ കൊതിയൻ കുട്ടിയുടെ കണ്ണ് നിങ്ങളുടെ ഉരുളമേലാരുന്നു. ആ ചെറുക്കൻ ചോറിന്റെ ഉരുള കണ്ടിട്ടില്ല്യോ? എനിക്കിഷ്ടപ്പെട്ടില്ല."

മേരിക്കുട്ടി പറഞ്ഞുനിറുത്തി.

അല്പം ആലോചനയ്ക്കു ശേഷം സയൻസ് അദ്ധ്യാപകനായ ജോർജുകുട്ടിസാർ പറഞ്ഞു.

"പയ്യൻ കള്ളം പറയുവാണെന്ന് പറയാൻ കഴിയുകയില്ല. അവൻ റാന്തലിൽ ടാങ്ക് നിറയെ മണ്ണെണ്ണ ഒഴിച്ചുകാണും."

"പിന്നെ പാതിവഴിയിൽ മണ്ണെണ്ണ തീർന്നതെങ്ങനെ?"

"റാന്തൽവിളക്ക് വീടിനകത്ത് കത്തുന്നതിനെക്കാൾ കൂടുതൽ മണ്ണെണ്ണ എടുക്കും വെളിയിൽ കത്താൻ."

"ഇത് നല്ല കൂത്ത്. അതെങ്ങനെ?"

"പറയാം. റാന്തൽവിളക്ക് വെളിയിൽ കത്തുമ്പോൾ അതിന്റെ ജ്വാലയുടെ വലിപ്പം കൂടും. ചെറിയ കാറ്റുണ്ടെങ്കിൽ പറയുകയും വേണ്ട. വെളിയിലുള്ള ഊഷ്മാവിന്റെ വ്യത്യാസവും മണ്ണെണ്ണ കൂടുതൽ എരിയാൻ കാരണമാവും. അതുകൊണ്ട് കുട്ടി പറഞ്ഞത് സത്യമായിരിക്കാനാണ് സാധ്യത."

"ഓ, അങ്ങനെ വരുമോ? നമ്മളെല്ലാംകൂടി കുട്ടിയെ കള്ളനാക്കി."

മേരിക്കുട്ടി പറഞ്ഞുനിറുത്തി.

രാത്രിയിൽ വീട്ടിലേക്ക് നടക്കുമ്പോൾ കുട്ടി ആകെ അന്ധാളിച്ചിരുന്നു. അച്ഛനും അമ്മയും വല്ലാതെ കോപിച്ചിരിക്കുന്നു. വീട്ടിൽ ചെന്നാൽ വഴക്ക് ഉറപ്പാണ്. ചിലപ്പോൾ അമ്മയുടെ അടിയും കിട്ടിയെന്നിരിക്കും.

കുട്ടിയുടെ പരിഭ്രമം അച്ഛൻ മനസ്സിലാക്കിയെന്ന് തോന്നുന്നു. അച്ഛൻ സാരോപദേശങ്ങൾ തുടങ്ങി. അച്ഛൻ അങ്ങനെയാണ്. അച്ഛന്റെ കോപം പെട്ടെന്ന് തണുക്കും.

“അമേരിക്കക്കാർക്ക് പണ്ടൊരു പ്രസിഡന്റ് ഉണ്ടായിരുന്നു, ജോർജ് വാഷിംഗ്ടൻ. കുട്ടിയായിരുന്നപ്പോൾ ചെറിമരം വെട്ടി. വീടിന്റെ ഗാർഡനിൽ നിന്ന മരം. വാഷിംഗ്ടന്റെ അച്ഛൻ പോറ്റിവളർത്തിയ മരമായിരുന്നത്. അദ്ദേഹം കോപിഷ്ഠനായി.

‘ചെറിമരം മുറിച്ചതാര്?’

‘ഞാനല്ല, ഞാനല്ല.’

ബാലനായിരുന്ന വാഷിംഗ്ടൻ മുമ്പോട്ട് വന്നു.

‘ഞാനാണ് ചെറിമരം വെട്ടിയത്.’

വാഷിംഗ്ടന്റെ അച്ഛന്റെ കോപം തണുത്തു; സത്യം പറഞ്ഞ മകനെ പ്രശംസിച്ചു.

പിന്നീട് വാഷ്ംഗ്ടൻ അമേരിക്കയുടെ പ്രസിഡന്റായി.

സത്യസന്ധതയുടെ ഗുണം നോക്കണേ.”

അച്ഛൻ പറഞ്ഞുനിറുത്തി.

കുട്ടിയുടെ മനസ്സിൽ ചോദ്യമുയർന്നു.

“ഞാൻ റാന്തൽവിളക്കിൽ മണ്ണെണ്ണ ഒഴിച്ചില്ലെന്ന് പറഞ്ഞാൽ ഇൻഡ്യയുടെ പ്രസിഡന്റാവുമോ?”

കുട്ടി ഒന്നും ചോദിച്ചില്ല. മനസ്സിൽ പുച്ഛം തോന്നി. അച്ഛൻ പറഞ്ഞപ്പോൾ മൂളി.

ഒരു മൈൽകൂടി നടന്നപ്പോൾ വീടിനടുത്തെത്തി.

“ടിഫിൻ.”

ഒരു ശബ്ദത്തോടെ റാന്തൽവിളക്കിന്റെ ചിമ്മിനി പൊട്ടി.

നെബുക്കദനേസ്സറിന്റെ ബിംബം പൊട്ടിച്ചിതറിയതുപോലെ.

കുട്ടി പേടിച്ചരണ്ടു.

എവിടെനിന്നോ ഒരു മഴത്തുള്ളി ചിമ്മിനിയിൽ വീണതാണ്.

ചുട്ടുപഴുത്ത ചിമ്മിനിയിൽ വെള്ളത്തുള്ളികൾ വീണാൽ ചിമ്മിനി പൊട്ടും. അത് സയൻസ് സാർ പഠിപ്പിച്ചതാണ്.

"സാത്താന്റെ പണി നോക്കണേ."

ആരാണ് സാത്താൻ? കുട്ടിയാണോ?

കുട്ടി അമ്പരന്നു.

കടുവാപ്പാറവീട്ടിലെ തൊമ്മിച്ചായൻ പറഞ്ഞു.

"സാത്താൻ പലവിധത്തിൽ നമ്മെ ഉപദ്രവിക്കുകയാണ്. നമ്മൾ ബൈബിൾക്ലാസ്സിന് പോയത് സാത്താന് ഇഷ്ടപ്പെട്ടില്ല."

കുട്ടിക്കാശ്വാസമായി. തൊമ്മിച്ചായൻ സാത്താനെ ശാസിച്ച് പ്രാർത്ഥിച്ചു. അച്ഛനും അമ്മയും കുരിശുവരച്ചു.

'നിഷേധി' കുരിശു വരച്ചില്ല.